**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2136** **11/03/2020 ൽ മറുപടിക്ക്**

**ഗ്രാമീണ ഖാദി യൂണിറ്റുകൾക്ക് പുനരുജ്ജീവനം**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ.രാജു എബ്രഹാം | ശ്രീ. ഇ. പി. ജയരാജൻ (വ്യവസായവും കായികവും യുവജനകാര്യവും, വകുപ്പ് മന്ത്രി) |
| (എ) ഖാദി-ഗ്രാമീണ വ്യവസായ മേഖലയിൽ ഈ സർക്കാർ വന്നതിനുശേഷം പുതുതായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് ; പ്രസ്തുത പദ്ധതികളിലൂടെ ഈ മേഖലയിൽ എത്രപേർക്ക് പുതുതായി തൊഴിൽ ലഭിച്ചിട്ടുണ്ട് ; വിശദമാക്കാമോ; | (എ) കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ നിലവിൽ നടപ്പിലാക്കിവരുന്ന വ്യവസായ സംരംഭക പദ്ധതികളായ പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി (PMEGP), പ്രത്യേക തൊഴിൽ ദാന പദ്ധതി (SEGP) എന്നീ പദ്ധതികളിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ബാങ്കുകൾ വഴി വ്യക്തിഗത വായ്പ നൽകി വരുന്നു. ആയതിന് കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് മുഖാന്തിരം സബ്സിഡി അനുവദിക്കുന്നു. ഈ സർക്കാർ വന്നതിനുശേഷം ഓരോ പദ്ധതിയിലും നൽകിയ തൊഴിൽ സംബന്ധിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.<br>PMEGP - 8791 എണ്ണം<br>SEGP (Ente gramam) - 4391 എണ്ണം<br>ഖാദി വ്യവസായം - 12500 എണ്ണം |
| (ബി) നിലവിൽ ക്ഷയോന്മുഖമായ ഗ്രാമീണ ഖാദി യൂണിറ്റുകളെ പുനർജ്ജീവിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്നറിയിക്കാമോ; | (ബി) ഖാദി ഗ്രാമ വ്യവസായ മേഖലയെ പുനർജ്ജീവിപ്പിക്കുന്നതിനായി കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ ഖാദി മേഖലയിൽ ചർക്കകളുടേയും തറികളുടേയും പരിഷ്ക്കരണം, ഉല്പാദന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, തൊഴിലാളികൾക്ക് മിനിമം കൂലി പരിഷ്ക്കരിക്കുവാനുള്ള നടപടികൾ, ഉത്സവബത്ത 1500 |

രൂപയാക്കി വർദ്ധിപ്പിച്ചത്, ഉല്പാദന ഇൻസെന്റീവ് ഇരട്ടിയാക്കിയത് (നൂല്പിന് 1 കഴിക്ക് 60 പൈസയും നെയ്ത്തിന് 1 കഴിക്ക് 1.80 പൈസയും), ഈ.എസ്.ഐ., ക്ഷേമനിധി ആനുകൂല്യങ്ങൾ, അധ്വാന ഭാരം ലഘൂകരിച്ച് കൂടുതൽ ഉല്പാദനവും കൂലിയും ലഭിക്കാൻ ഉതകുന്ന തരത്തിൽ റെഡിമെയ്ഡ് വാർപ്പിംഗ് പോലുള്ള സൗകര്യങ്ങൾ വ്യാപകമാക്കൽ, കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടെയുള്ള വർക്ക് ഷെഡ് പദ്ധതി, തൊഴിലാളികൾക്ക് നിശ്ചിത ഇടവേളകളിലെ പരിശീലനം, ഖാദി മേഖലയിൽ പുതുതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന തിലേക്കായി 'ഖാദി ഗ്രാമം പദ്ധതി' നടപ്പിലാക്കി വരികയും അത് പ്രകാരം അഞ്ച് വർഷം കൊണ്ട് അയ്യായിരം പേർക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് വിഭാവനം ചെയ്തിരിക്കുന്നു. കൂടാതെ സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതവും, ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതവും ഉപയോഗപ്പെടുത്തി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി പഴയവയ്ക്ക് പകരം പുതിയ യന്ത്ര സാമഗ്രികൾ ലഭ്യമാക്കൽ, ഖാദിയിലെ വൈവിദ്ധ്യവൽക്കരണം തുടങ്ങിയവയും നടപ്പിലാക്കി വരുന്നു.

ചെറുകിട ഖാദി വ്യവസായ സംരംഭകർക്ക് സഹായം ലഭ്യമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ 'എന്റെ ഗ്രാമം' പദ്ധതി പ്രകാരം ഗ്രാമീണ മേഖലയിൽ കുറഞ്ഞ മൂലധന ചിലവിൽ ബാങ്കിൽ നിന്നും വായ്പ ലഭ്യമാക്കി ആരംഭിക്കുന്ന പുതിയ ഗ്രാമ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി മൊത്തം പദ്ധതി ചെലവിന്റെ 25% മുതൽ 40% വരെ സബ്സിഡി അനുവദിച്ചു നൽകുന്നു. ഇതിനു പുറമേ പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി പ്രകാരവും (പി.എം.ജി.പി.)

| | |
|---|---|
| | ഗ്രാമീണ മേഖലയിൽ വായ്പ ലഭ്യമാക്കി വരുന്നു. |
| (സി) റാന്നി നിയോജകമണ്ഡലത്തിലെ കൊറ്റനാട്ട് പ്രവർത്തിക്കുന്ന ഖാദി യൂണിറ്റിന് പുതിയ തറികൾ നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ; | (സി) റാന്നി നിയോജക മണ്ഡലത്തിലെ കൊറ്റനാട്ട് പ്രവർത്തിക്കുന്ന ഖാദി യൂണിറ്റിന് പുതിയ തറികൾ സ്ഥാപിക്കുന്ന വിഷയം ബോർഡിന്റെ പരിഗണനയിലാണ്. പ്രവർത്തന ഫണ്ടിന്റെ അപര്യാപ്തത കാരണം കാലതാമസം നേരിടുന്നുണ്ട്. |
| (ഡി) ഖാദിഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത യൂണിറ്റിനെ പ്രവർത്തനക്ഷമമാക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | (ഡി) 2020-21 വർഷത്തെ ഖാദി ഗ്രാമം പദ്ധതിയിൽ പ്രസ്തുത യൂണിറ്റിനെ ഉൾപ്പെടുത്തി പ്രവർത്തനക്ഷമ മാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ